LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിലെ കരാർ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

20 (3451) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം ലഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ 4-8-2014-ലെ Z-17018/14/2014-NACO കത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരെ ആരോഗ്യവകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ലഭിക്കുകയുണ്ടായി.

(ബി) പരിശോധിച്ചുവരുന്നു.

(സി) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

എൻ.ആർ.എച്ച്.എം. മുഖേന കട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

21 (3452) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. മുഖേന കട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കാവാലം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് എൻ.ആർ.എച്ച്.എം. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുളിങ്കുന്ന് താലൂക്കാശുപത്രിയിൽ എൻ.ആർ.എച്ച്.എം. 2 കോടി 7 ലക്ഷം രൂപ മുതൽമുടക്കി വിമൻ പീഡിയാട്രിക് ബ്ലോക്ക്, 2012-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചു വരുന്നു.

എടത്വാ സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. 27 ലക്ഷംരൂപ മുതൽ മുടക്കിൽ ഐ.പി. വാർഡും ലാബും പണികഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നു.

ചമ്പക്കുളം സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. 1 കോടി 35 ലക്ഷം രൂപ മുതൽമുടക്കി ഒ.പി.-കം-ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

നീലംപേരൂർ പി.എച്ച്.സി.യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽമുടക്കി ഈരയിൽ സബ്സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യ സഹായം എത്തിക്കുന്നതിനുവേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി.

സി.എച്ച്.പി. പദ്ധതിയിലുൾപ്പെടുത്തി പി.എച്ച്.സി. കാവാലത്തും സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഉദ്ഘാടനം ഉടൻതന്നെ നടത്തുന്നതാണ്.

(ബി) കാവാലം പി.എച്ച്.സി.-ക്ക് എൻ.ആർ.എച്ച്.എം. മുഖാന്തിരം കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

എൻ.ആർ.എച്ച്.എം. വഴി നടപ്പിലാക്കിയ പദ്ധതികൾ

22 (3453) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.ആർ.എം. മുഖേന 2014-15 വർഷം വയനാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(സി) നടപ്പു സാമ്പത്തികവർഷം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ ബഡ്ജറ്റ് എഡ്റ്റിമേറ്റ് എത്രയെന്നും ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?